Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - എഞ്ചിനീയർമാർ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ താത്കാലികമായി കരാർ വ്യവസ്ഥയിൽ നിയമിച്ച എഞ്ചിനീയർമാർക്ക് വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഇ.ഡബ്ലിയു) വകുപ്പ്

സ.ഉ. (സാധ) നം.3199/12/തസ്വഭവ. തീയ്യതി, തിരുവനന്തപുരം, 20-11-2012.

പരാമർശം:
1. 07-08-2009-ലെ സ.ഉ (എം.എസ്) നം. 157/2009/തസ്വഭവ
2. 15-11-2012-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയിടെ 2.1.3. നം. തീരുമാനം
3. 19-11-2012-ലെ സ.ഉ (സാധാ) നം. 3181/2012/തസ്വഭവ

## ഉത്തരവ്

പരാമർശം 3-ലെ ഉത്തരവ് പകാരം എഞ്ചിനീയർമാർ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പി.എസ്സ്.സി. ലിസ്റ്റിൽ നിന്നുള്ളവരെ നിയമിക്കുന്നതുവരെ കരാർ വ്യവസ്ഥയിൽ താത്ക്കാലികമായി എഞ്ചിനീയർമാരെ നിയമിക്കാൻ അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ അതിൽ ഇവർക്കുള്ള വേതനം എത്രയെന്ന് സൂചിപ്പിച്ചിട്ടില്ലായിരുന്നു. ആയതിനാൽ പരാമർശം 1-ലെ ഉത്തരവിൽ പ്രതിപാദിക്കുന്ന 15000/- രൂപ ഇവർക്കും ബാധകമാക്കികൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജെ. സ്റ്റാൻലി**
**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റുമാർക്കും
വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി.
തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്
(19-11-2012-ലെ 67633/ഡി.എ.1/12/തസ്വഭവ. നമ്പർ കുറിപ്പ് പ്രകാരം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തൃശ്ശൂർ.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: ബഹു: പഞ്ചായത്തു വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പഞ്ചായത്തു വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ